

ഇവിടത്തെ സുഖദുഃഖങ്ങളും അധികാരവും അവശതയും ധന്യതയും ദാരിദ്ര്യവുമെല്ലാം കേവലം പരീക്ഷണങ്ങളാകുന്നു. ഓരോരുത്തർക്കും ലഭിച്ച സുഖത്തെ, ദുഃഖത്തെ, അധികാരത്തെ, സ്ഥാനമാനങ്ങളെ, സമ്പത്തിനെ, ദാരിദ്ര്യത്തെ, രോഗത്തെ, ആരോഗ്യത്തെ ഒരുവൻ എങ്ങനെ സമീപിക്കുന്നു? അല്ലാഹുവിനോട് നന്ദിയും കൂറുമുള്ളവനായും അവൻ അനുശാസിച്ച ധർമങ്ങളനുസരിച്ചുമാണോ അവ കൈകാര്യം ചെയ്യുന്നത്? അതല്ല ദൈവത്തിൽ വിശ്വാസവും കൂറുമില്ലാതെ അവന്റെ ധർമശാസനകളവഗണിച്ച് ദേഹേഛകൾ മാത്രം പരിഗണിച്ച് ധിക്കാരപൂർവമാണോ കൈകാര്യം ചെയ്യുന്നത്? ഇതാണ് അല്ലാഹു പരീക്ഷിക്കുന്നത്.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

وَجَعَلْنَا فِي الْأَرْضِ رَوَاسِيَ أَن تَمِيدَ بِهِمْ وَجَعَلْنَا فِيهَا فِجَاجًا سُبُلًا لَّعَلَّهُمْ يَهْتَدُونَ ﴿٣١﴾

**31.** ഭൂമിയിൽ നാം പർവതങ്ങളുറപ്പിച്ചു. അത് അവരെയും കൊണ്ട് ഉലയാതിരിക്കാൻ. അതിൽ പാതകളായി മലയിടുക്കുകളുമുണ്ടാക്കി. മനുഷ്യർ മാർഗമറിയാൻ.

وَجَعَلْنَا السَّمَاءَ سَقْفًا مَّحْفُوظًا ۖ وَهُمْ عَنْ آيَاتِهَا مُعْرِضُونَ ﴿٣٢﴾

**32.** ആകാശത്തെ നാം സുരക്ഷിതമായ മേൽപുരയാക്കിവെച്ചു. ഇക്കൂട്ടരാകട്ടെ, ഈ ദൃഷ്ടാന്തങ്ങളൊന്നും ശ്രദ്ധിക്കുന്നേയില്ല.

وَهُوَ الَّذِي خَلَقَ اللَّيْلَ وَالنَّهَارَ وَالشَّمْسَ وَالْقَمَرَ ۖ كُلٌّ فِي فَلَكٍ يَسْبَحُونَ ﴿٣٣﴾

**33.** രാപ്പകലുകളും സൂര്യചന്ദ്രന്മാരും സൃഷ്ടിച്ചതവനാകുന്നു. ഒക്കെയും അതിന്റെ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടേയിരിക്കുന്നു.

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ الْخُلْدَ ۖ أَفَإِن مِّتَّ فَهُمُ الْخَالِدُونَ ﴿٣٤﴾

**34.** പ്രവാചകാ, നിനക്കുമുമ്പ് ഒരു മനുഷ്യനെയും നാം അമരനാക്കിയിട്ടില്ല; നീ മരിച്ചുപോയെങ്കിൽ ഇവർ ചിരഞ്ജീവികളാണോ?

كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ۗ وَنَبْلُوكُم بِالشَّرِّ وَالْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ ﴿٣٥﴾

**35.** ഓരോ ജീവിയും മരണം രുചിക്കേണ്ടതുണ്ട്. നാം നിങ്ങളെ സുഖദുഃഖങ്ങളിലകപ്പെടുത്തി പരീക്ഷിക്കുകയാകുന്നു. ഒടുവിൽ നമ്മിലേക്കു തന്നെയാകുന്നു നിങ്ങളുടെ മടക്കം.

**31**

وَجَعَلْنَا فِي الْأَرْضِ = ഭൂമിയിൽ നാം ആക്കി (ഉറപ്പിച്ചു)
رَوَاسِيَ = കീലങ്ങൾ (പർവതങ്ങൾ)
أَن تَمِيدَ بِهِمْ = അത് അവരെയും കൊണ്ട് ഉലയുന്നതിന് (ഉലയാതിരിക്കാൻ)
وَجَعَلْنَا فِيهَا = അതിൽ നാം ആക്കി (ഉണ്ടാക്കി)
فِجَاجًا = മലയിടുക്കുകൾ, ചുരങ്ങൾ
سُبُلًا = പാതകളായി
لَعَلَّهُمْ يَهْتَدُونَ = അവർ ശരിയായ വഴിയറിയാൻ (മനുഷ്യർ മാർഗമറിയാൻ)

**പ**ർവതങ്ങളെ ഭൂമിയുടെ ആണികളാക്കിയത് നേരത്തെ 13:3, 15:19, 16:15 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. *ഖുർആൻ ബോധനത്തിന്റെ* വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ വായിക്കാം. പർവതങ്ങൾക്കിടയിലെ വിടവാണ് فج. ഇതിന്റെ ബഹുവചനമാണ് فجاج. വചനതാൽപര്യമിതാണ്: ഭൂമി അതിലെ ജീവജാലങ്ങളുമായി ആടിയുലയാതെ സന്തുലിതമായി നിൽക്കുന്നതിനുവേണ്ടി അതിൽ പർവതങ്ങളുറപ്പിച്ചിരിക്കുന്നു. ഈ പർവതങ്ങൾക്കിടയിൽ അവിടവിടെ വിടവുകളുണ്ടാക്കി സൃഷ്ടികൾക്ക് വഴിയൊരുക്കുകയും ചെയ്തിരിക്കുന്നു. പർവതങ്ങളെല്ലാം കൂടിച്ചേർന്ന് ഒറ്റക്കെട്ടായി സ്ഥിതി ചെയ്തിരുന്നുവെങ്കിൽ ആളുകൾ അവരവരുടെ പ്രദേശങ്ങളിൽ ബന്ധിതരായിപ്പോകുമായിരുന്നു. പരസ്പരം ഗതാഗതം ചെയ്യാനും, സാംസ്കാരികവും സാമ്പത്തികവുമായ കൊള്ളക്കൊടുക്കകൾ നടത്താനും കഴിയുമായിരുന്നില്ല.

لَّعَلَّهُمْ يَهْتَدُونَ എന്ന വാക്കിന് രണ്ട് ആശയങ്ങളുണ്ട്. ഒന്ന്, ഈ മലയിടുക്കുകൾ പരസ്പരം ബന്ധപ്പെടാനും പോക്കുവരവിനും വഴി കാണിച്ചുകൊടുക്കേണ്ടതിന്. രണ്ട്, അല്ലാഹു ഈ മഹത്തായ ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുക്കുന്നത് അവ കണ്ട് ജനങ്ങളുടെ കണ്ണുതുറക്കാനാണ്; സ്രഷ്ടാവിന്റെ ശക്തിയും ഗാംഭീര്യവും യുക്തിജ്ഞാനവും ഉൾക്കൊണ്ട് അല്ലാഹുവിലേക്കെത്താനുള്ള മാർഗം പ്രാപിക്കാൻ. പക്ഷേ മനുഷ്യൻ അത്ഭുതകരമാംവണ്ണം അന്ധനാകുന്നു. വൻമലകൾ പോലുള്ള മഹാദൃഷ്ടാന്തങ്ങളിൽ നിന്ന് അവൻ ഒരു മാർഗദർശനവും നേടുന്നില്ല. തങ്ങളാവശ്യപ്പെടുന്ന ഏതെങ്കിലും ദിവ്യാത്ഭുതം കാട്ടിക്കൊടുത്താൽ സന്മാർഗം സ്വീകരിക്കാമെന്നാണവരുടെ നിലപാട്. മല കാണാനാവാത്തവർ മൺകൂന കാണുന്നതെങ്ങനെ! സൂറഃ *ഖാഫ്* 7-8 ൽ പറയുന്നു:

وَٱلْأَرْضَ مَدَدْنَـٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍۭ بَهِيجٍ ﴿٧﴾ تَبْصِرَةً وَذِكْرَىٰ لِكُلِّ عَبْدٍ مُّنِيبٍ ﴿٨﴾

"ഭൂമിയെ നാം വിസ്തൃതമാക്കി അതിൽ പർവതങ്ങളുറപ്പിച്ചു. അഴകാർന്ന സകല സസ്യങ്ങളും മുളപ്പിച്ചു. ഇതെല്ലാം സത്യത്തിലേക്കു മടങ്ങുന്ന ദാസന്മാർക്കൊക്കെയും ഉൾക്കാഴ്ചയും ഉൽബോധനവും നൽകുന്നതാകുന്നു." ഈ മഹാദൃഷ്ടാന്തങ്ങൾ കാണിച്ചു തരുന്നതിലൂടെ സ്രഷ്ടാവ് മൗലികമായി ഉദ്ദേശിച്ചിട്ടുള്ളത് ജനങ്ങളിൽ ഉൾക്കാഴ്ചയുളവാക്കുകയും അവരെ യാഥാർഥ്യത്തെ സംബന്ധിച്ച് ബോധവാന്മാരാക്കുകയുമാണെന്ന് ഈ സൂക്തങ്ങളുടെ അവസാന ഭാഗം പ്രത്യേകം ഉണർത്തുന്നുണ്ട്. പക്ഷേ, ദൃഷ്ടാന്തങ്ങൾ പ്രയോജനപ്പെടുക അതു ശ്രദ്ധിക്കുന്നവർക്ക് മാത്രമാണ്. ശ്രദ്ധിക്കാൻ സന്നദ്ധരല്ലാത്തവർ എല്ലാം കണ്ടാലും ഒന്നും കാണാത്ത അന്ധരായിത്തന്നെയിരിക്കും. ■

**32**

وَجَعَلْنَا ٱلسَّمَآءَ= ആകാശത്തെ നാം ആക്കി (വച്ചു) سَقْفًا= മേൽപ്പുര مَّحْفُوظًا= സുരക്ഷിതമായ
وَهُمْ= എന്നാൽ അവർ (ഇക്കൂട്ടരാവട്ടെ) عَنْ ءَايَـٰتِهَا= (ഷ്ടാന്തങ്ങളൊന്നും) അതിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച്
مُعْرِضُونَ = അവഗണിക്കുന്നവരാകുന്നു(ശ്രദ്ധിക്കുന്നേയില്ല)

**ഭൂ**മിയിലെ ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചശേഷം ഭൗമോപരിയുള്ള ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. ദിവ്യാത്ഭുതങ്ങൾ ആവശ്യപ്പെടുന്നവർ മുകളിൽ വിടർന്നു നിൽക്കുന്ന ആകാശമാകുന്ന മേൽപ്പുര കാണുന്നില്ലേ? ആ നീല മേലാപ്പിന്റെ വിശാലതക്ക് ഒരതിരുമില്ല. എങ്കിലും അതിലെവിടെയെങ്കിലും ഒരു വിടവോ കോട്ടമോ കാണാൻ ആർക്കെങ്കിലും കഴിയുമോ? എന്നാണ് ഈ മേൽപ്പുര നിർമിതമായതെന്നറിയുന്നവരാരുമില്ല. പക്ഷേ ഈ മേൽപ്പുരയില്ലാത്ത കാലം സങ്കൽപ്പാതീതമാണ്. കാലത്തിന്റെ അറ്റമില്ലാത്ത ദൈർഘ്യം പിന്നിട്ടിട്ടും അത് നേരിയൊരു കീറലോ പോറലോ പോലും ഏൽക്കാതെ സുന്ദരമായും സുഭദ്രമായും സുരക്ഷിതമായും പുതുമയോടെ നിലനിൽക്കുന്നു. സുരക്ഷിതമായ മേൽപ്പുര- سَقْفًا مَّحْفُوظًا -എന്നതു കൊണ്ടുദ്ദേശ്യം ആകാശത്തിന്റെയും ഭൂമിയുടെയും സുരക്ഷയാണ്. ഭൂമിക്ക് ഉപരിയായി കാണപ്പെടുന്ന ഇടമാണ് ആകാശം. ഭൂമിയെക്കാൾ ആയിരക്കണക്കിലിരട്ടി വലിപ്പമുള്ള മഹാഗോളങ്ങൾ തലങ്ങും വിലങ്ങും അതിവേഗം കറങ്ങിക്കൊണ്ടിരിക്കുകയാണവിടെ. അവയൊന്നും കൂട്ടിമുട്ടുകയോ, തങ്ങൾക്ക് നിശ്ചയിച്ച ഭ്രമണപഥത്തിൽനിന്ന് തെറ്റിപ്പോവുകയോ ചെയ്യുന്നില്ല. ഓരോ ഗ്രഹവും മറ്റുള്ളവയിൽ നിന്നുള്ള അവയുടെ അകലം കൃത്യമായി പാലിക്കുന്നു. അതുകൊണ്ടാണ് ഭൂമി മനുഷ്യവാസത്തിന് യോഗ്യമായ ഗോളമായി നിലനിൽക്കുന്നത്. കത്തിജ്വലിച്ച് കറങ്ങിത്തിരിയുന്ന ഏതെങ്കിലും മഹാഗോളം ഒന്നു സ്പർശിച്ചാൽ മതി ഈ കൊച്ചുഗോളം ധൂളിയും ധൂമവുമായിത്തീരാൻ. ഭൂമി അതിന്റെ ഭ്രമണപഥം വിട്ട് മറ്റേതെങ്കിലും ഗോളത്തിൽ ചെന്നിടിച്ചാലും ഇതു തന്നെ സംഭവിക്കും. വായുമണ്ഡലം, ഓസോൺ കുട, ഇതര വാതകമണ്ഡലങ്ങൾ എല്ലാം ഭൂമിയുടെ രക്ഷാകവചങ്ങളാണ്. അവ ആകാശത്തിനിന്ന് വരുന്ന മാരകമായ കിരണങ്ങളെയും പദാർഥങ്ങളെയും തടഞ്ഞ് ഭൂമിയെ ജലസമൃദ്ധവും ജീവയോഗ്യവുമാക്കി നിർത്തുന്നു.

വാനലോകത്തിന്റെ സുരക്ഷിതത്വവും സൗന്ദര്യവും സൂറഃ *ഖാഫ്* 6-ാം സൂക്തത്തിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു:

أَفَلَمْ يَنظُرُوٓا۟ إِلَى ٱلسَّمَآءِ فَوْقَهُمْ كَيْفَ بَنَيْنَـٰهَا وَزَيَّنَّـٰهَا وَمَا لَهَا مِن فُرُوجٍ ﴿٦﴾

"അവർ മീതെയുള്ള വിണ്ണിലേക്കു നോക്കുന്നില്ലേ? നാം അതിനെ എവ്വിധം നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിരിക്കുന്നു! അതിന് എവിടെയും ഒരു പോറലും വിടവുമില്ലല്ലോ." സൂറഃ *അൽമുൽക്ക്* 3-4 സൂക്തങ്ങൾ പറയുന്നതിങ്ങനെയാണ്:

ٱلَّذِى خَلَقَ سَبْعَ سَمَـٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ فِى خَلْقِ ٱلرَّحْمَـٰنِ مِن تَفَـٰوُتٍ ۖ فَٱرْجِعِ ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ ﴿٣﴾ ثُمَّ ٱرْجِعِ ٱلْبَصَرَ كَرَّتَيْنِ يَنقَلِبْ إِلَيْكَ ٱلْبَصَرُ خَاسِئًا وَهُوَ حَسِيرٌ ﴿٤﴾

"സപ്തവാനങ്ങളെ പടിപടിയായി സൃഷ്ടിച്ചവൻ. ആ പരമ

കാരുണികന്റെ നിർമിതിയിൽ ഒരു ഏറ്റപ്പറ്റും നിനക്ക് കാണാനാവില്ല. കണ്ണയച്ചു നോക്കുക, എവിടെയെങ്കിലും വല്ല വിടവും കാണുന്നുണ്ടോ? പിന്നെയും രണ്ടുവട്ടം കൂടി കണ്ണയച്ചുനോക്കുക. ഒരു കോട്ടവും കാണാനാകാതെ ദൃഷ്ടി വിഷണ്ണവും ക്ഷീണിതവുമായി നിന്നിലേക്കു തന്നെ തിരിച്ചുവരുന്നതു കാണാം.”

وَيُمْسِكُ ٱلسَّمَآءَ أَن تَقَعَ عَلَى ٱلْأَرْضِ إِلَّا بِإِذْنِهِۦٓ

“ആകാശത്തെ അവൻ പിടിച്ചുനിർത്തുന്നു; അവന്റെ അനുമതിയില്ലാതെ അത് ഭൂമിയിൽ പതിക്കാതിരിക്കാൻ” (22:65). إِنَّ ٱللَّهَ يُمْسِكُ ٱلسَّمَٰوَٰتِ وَٱلْأَرْضَ أَن تَزُولَا ‘‘അല്ലാഹു ആകാശലോകത്തെയും ഭൂലോകത്തെയും പിടിച്ചുനിർത്തുന്നു; അവ നീങ്ങിപ്പോകാതിരിക്കാൻ” (35:41).

ചെകുത്താന്മാർക്ക് വാനലോകത്തേക്കുള്ള പ്രവേശനം നിരോധിച്ചുകൊണ്ടാണ് അതിനെ സുരക്ഷിതം-محفوظ-ആക്കിയത് എന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ചെകുത്താന്മാർക്ക് വാനലോകം വിലക്കപ്പെട്ടിരിക്കുന്നു എന്ന് ഖുർആൻ സൂറഃ അൽഹിജ്ർ 16-18 സൂക്തങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. *ഖുർആൻ ബോധന*ത്തിന്റെ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. സൂറഃ *അർറഹ്മാൻ* 33-35 സൂക്തങ്ങളിൽ ഇക്കാര്യം ആവർത്തിക്കുന്നുമുണ്ട്. അതുകൊണ്ട് വാനലോകത്തിന്റെ സുരക്ഷാ സംവിധാനത്തിൽ ചെകുത്താന്മാരുടെ പ്രവേശന നിരോധവും ഉൾപ്പെടുന്നുവെന്ന് കരുതാം. എങ്കിലും നാം പഠിക്കുന്ന സൂക്തം മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത് അതല്ല. കാരണം, ചെകുത്താന്മാരും ആകാശ ലോകത്തേക്കുള്ള അവരുടെ പ്രവേശനവും അതിന്റെ നിരോധവുമൊക്കെ അഗോചരമായ സംഗതികളാണ്. ഇവിടെ പറയുന്നതാകട്ടെ, അവിശ്വാസികൾക്ക് നിഷേധിക്കാനാവാത്ത അനുഭവ ദൃഷ്ടാന്തങ്ങളാണ് وَهُمْ عَنْ ءَايَٰتِهَا مُعْرِضُونَ എന്ന സമാപന വാക്യം അക്കാര്യമാണ് ഊന്നിപ്പറയുന്നത്. അതായത്, ഇതൊക്കെയും അവരുടെ കൺമുമ്പിലുള്ള അനിഷേധ്യമായ ദൈവിക ദൃഷ്ടാന്തങ്ങളാണ്. ഇതൊന്നും കണ്ണു തുറന്നു കാണാൻ കൂട്ടാക്കാത്തവരുടെ അന്ധതക്ക് ചികിത്സയില്ല. ■

**33**

وَهُوَ ٱلَّذِى خَلَقَ ٱلَّيْلَ وَٱلنَّهَارَ= രാപ്പകലുകൾ സൃഷ്ടിച്ചത് അവനാകുന്നു وَٱلشَّمْسَ وَٱلْقَمَرَ ۖ = സൂര്യചന്ദ്രന്മാരെ സൃഷ്ടിച്ചതും كُلٌّ= ഒക്കെയും فِى فَلَكٍ= ഒരു (അതിന്റെ) ഭ്രമണപഥത്തിൽ يَسْبَحُونَ= നീന്തിക്കൊണ്ടിരിക്കുന്നു

**വാ**നലോകത്തെ ഏറ്റം പ്രകടവും പ്രധാനവുമായ പ്രതിഭാസങ്ങളാണ് സൂര്യചന്ദ്രാദി ഗ്രഹങ്ങളും അവയിലൂടെ ഉളവാകുന്ന രാപ്പകലുകളും. ആപേക്ഷികമായി ഒന്നിനൊന്ന് വിരുദ്ധമാണിവയൊക്കെയും. എന്നാൽ എല്ലാറ്റിന്റെയും പ്രവർത്തനം സമഞ്ജസവും സഹകരണാത്മകവും പരസ്പര പൂരകവുമാണ്. ഈ സംവിധാനമാണ് പ്രപഞ്ചത്തിന്റെ പൂർണതക്കും നിലനിൽപ്പിനും ആധാരം. സർവശക്തനും സർവാധികാരിയുമായ ഒരസ്തിത്വത്തിന്റെ കണിശമായ നിയന്ത്രണത്തിലാണവയെല്ലാം എന്ന് ഈ അവസ്ഥ വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നു. ആ അസ്തിത്വമാണ് അല്ലാഹു-സാക്ഷാൽ സത്യദൈവം.

എല്ലാം ഒരു പഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു- كُلٌّ فِى فَلَكٍ يَسْبَحُونَ-എന്നു പറഞ്ഞത് സൂര്യചന്ദ്രന്മാരിൽ ഓരോന്നും എന്ന അർഥത്തിലാവാം; വാനലോകത്തെ ഗ്രഹോപഗ്രഹങ്ങളെല്ലാം എന്ന അർഥത്തിലുമാവാം. രണ്ടർഥവും സാധുവാകുന്നു. ഭൂമി ഉൾപ്പെടെയുള്ള സകല ഗ്രഹങ്ങളും അവയുടെ ഭ്രമണപഥങ്ങളിൽ ചുറ്റിത്തിരിയുകയാണെന്ന് ആധുനിക ശാസ്ത്രം മനസ്സിലാക്കിയിരിക്കുന്നു. ഒരു ഗോളവും ഒരിക്കലും അതിനു നിശ്ചയിച്ച ഭ്രമണപഥത്തിൽ നിന്ന് വ്യതിചലിക്കുന്നില്ല. ഒരു നിമിഷവും നിശ്ചലമാകുന്നുമില്ല. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ വാനലോകത്തിന്റെയും ഭൂമിയുടെയും സംവിധാനമാകെ തകിടം മറിയുമായിരുന്നു. ഋതുഭേദങ്ങൾ അട്ടിമറിയും. രാപ്പകലുകൾ ക്രമം തെറ്റും. സമയഗണന അസാധ്യമാകും. ജീവയോഗ്യമായ ശീതോഷ്ണനിലയും അപ്രത്യക്ഷമാകും. ഇതിനൊക്കെപ്പുറമെയാണ് ഗ്രഹങ്ങൾ കൂട്ടിയിടിച്ചു തകർന്ന് പോകാനുള്ള സാധ്യത. കാലാകാലങ്ങളായി പ്രപഞ്ചം ഈവിധം നിലനിൽക്കുന്നു എന്നതു തന്നെ അതിന്റെ സംവിധാനമഖിലം ഒരേയൊരു നിയാമകശക്തിയുടെ ഭരണത്തിലാണെന്നു സാക്ഷ്യപ്പെടുത്തുന്ന മഹാദൃഷ്ടാന്തമാകുന്നു. പകലിന്റെ വെളിച്ചവും രാവിന്റെ ഇരുട്ടും അനുഭവിച്ചു വാഴുന്നവർ അതെപ്പറ്റി അൽപവും ആലോചിക്കാതെ വേറെ ദൃഷ്ടാന്തങ്ങളാവശ്യപ്പെടുന്നത് യഥാർഥത്തിൽ വിഡ്ഢിത്തമല്ലേ? ചിന്തിക്കുന്ന മനസ്സുള്ളവർക്ക് രാപ്പകലുകൾ തന്നെ അവയുടെ സ്രഷ്ടാവിനെയും വിധാതാവിനെയും ഉച്ചത്തിൽ വിളിച്ചോതുന്നത് കേൾക്കാൻ കഴിയും. ■

**34,35**

وَمَا جَعَلْنَا= നാം ആക്കിയിട്ടില്ല لِبَشَرٍ= ഒരു മനുഷ്യന്നും(ഷ്യനെയും) مِّن قَبْلِكَ = നിനക്കു മുമ്പ്
ٱلْخُلْدَ ۖ = ശാശ്വതികത്വം (അമരൻ) أَفَإِي۟ن مِّتَّ فَهُمُ = നീ മരിച്ചു പോയെങ്കിൽ അവർ ആണോ
ٱلْخَٰلِدُونَ = ശാശ്വതന്മാർ, ചിരഞ്ജീവികൾ كُلُّ نَفْسٍ = എല്ലാ ഓരോ ജീവിയും
ذَآئِقَةُ ٱلْمَوْتِ ۗ = മരണം രുചി(ക്കേണ്ടതുണ്ട്)ക്കുന്നതാകുന്നു وَنَبْلُوكُم = നാം നിങ്ങളെ പരീക്ഷിക്കുകയാകുന്നു
بِٱلشَّرِّ وَٱلْخَيْرِ = തിന്മ കൊണ്ടും നന്മ കൊണ്ടും (സുഖദുഃഖങ്ങളിലകപ്പെടുത്തി) فِتْنَةً = ഒരു പരീക്ഷണം
وَإِلَيْنَا= നമ്മിലേക്കു തന്നെ(യാകുന്നു) تُرْجَعُونَ = നിങ്ങൾ(ളുടെ മടക്കം) മടക്കപ്പെടുന്നു

**മ**റ്റെല്ലാ മനുഷ്യരെയും പോലെ ജനിക്കുകയും പിന്നെ ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ജീവിത വ്യവഹാരങ്ങളിൽ ഏർപ്പെടുകയും അനന്തരം മരിച്ചുപോവുകയും ചെയ്യുന്ന ഒരാൾ പ്രവാചകനാണെന്നവകാശപ്പെടുന്നത് പരിഹാസ്യമായ സംഗതിയായിട്ടാണ് അവിശ്വാസികൾ കരുതുന്നത്. പഴയ കാലത്തെ അവിശ്വാസികൾ മാത്രമല്ല ഇക്കാലത്തും പ്രവാച

കന്മാരെ നിഷേധിക്കുന്നവരെ അതിനു പ്രേരിപ്പിക്കുന്നത്, അവർ മറ്റു മനുഷ്യരെപ്പോലെ ജീവിച്ചു മരിച്ചുപോയവരാകുന്നു എന്നതു തന്നെയാണ്. അവരെ സംബന്ധിച്ചേടത്തോളം പ്രവാചകത്വം എന്നൊന്നില്ല. പ്രവാചകത്വം അവകാശപ്പെട്ടവരെല്ലാം സാധാരണ മനുഷ്യരായിരുന്നു. ഇക്കാര്യം മൂന്നാം സൂക്തത്തിൽ- هَلْ هَـٰذَآ إِلَّا بَشَرٌ مِّثْلُكُمْ -എന്ന വാക്യത്തിലൂടെ പരാമർശിച്ചിട്ടുണ്ട്. ജീവിതത്തിന്റെ മറ്റെല്ലാ കാര്യങ്ങളിലും സാമാന്യ മനുഷ്യരായിരുന്നവർ ജ്ഞാനത്തിന്റെ കാര്യത്തിൽ മാത്രം പ്രത്യേക ദൈവാനുഗ്രഹം അവകാശപ്പെടുന്നുവെങ്കിൽ അതിനെ സാക്ഷ്യപ്പെടുത്തുന്ന തെളിവുകൾ വേണം. അത്തരം തെളിവുകളുടെ അഭാവത്തിൽ പ്രവാചകന്മാരിൽ വിശ്വസിക്കുന്നത് യുക്തിശൂന്യമാണ്. പണ്ടും ഇന്നും പ്രവാചകന്മാരെ നിഷേധിക്കുന്നവരുടെ നിലപാട് ഇതാണ്. നിങ്ങളുടെ ചുറ്റുമുള്ള പ്രാപഞ്ചിക പ്രതിഭാസങ്ങൾ തന്നെ പ്രവാചകത്വത്തിന്റെയും പ്രവാചക സന്ദേശത്തിന്റെയും തെളിവുകളാണെന്നാണ് ഖുർആൻ അന്നത്തെയും ഇന്നത്തെയും അവിശ്വാസികളോട് പറയുന്നത്. അതുപക്ഷേ സ്വീകരിക്കാൻ അന്നക്കൂട്ടർ തയാറായില്ല. പ്രകൃത്യാതീതമായ ദിവ്യാത്ഭുതങ്ങളാണ് അവർ തെളിവുകളായി ആവശ്യപ്പെട്ടത്. ചുറ്റും പരന്നുകിടക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളാത്തവൻ, പെട്ടെന്നൊരു നിമിഷം പ്രത്യക്ഷപ്പെടുന്ന അത്ഭുത പ്രതിഭാസങ്ങളിൽ അമ്പരക്കുന്നതുകൊണ്ട് യഥാർഥ വിശ്വാസം കൈക്കൊള്ളാൻ പോകുന്നില്ല എന്നാണ് ഖുർആന്റെ നിലപാട്. അതുകൊണ്ട് പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് വീണ്ടും ശ്രദ്ധ ക്ഷണിക്കുകയായിരുന്നു മുൻ സൂക്തങ്ങളിൽ. മരിച്ചുപോകുന്ന മനുഷ്യൻ പ്രവാചകനാവുകയോ എന്ന പരിഹാസത്തിനുള്ള മറുപടിയാണ് ഇവിടെ പറയുന്നത്.

മരണം ഒരനിവാര്യതയാണ്. ജനനത്തെക്കാൾ ഉറപ്പുള്ള കാര്യം. ഈ ലോകത്ത് ആരൊക്കെ ജനിക്കും എന്ന് ആർക്കും പറയാനാവില്ല. എന്നാൽ ജനിച്ചവരൊക്കെയും മരിച്ചുപോകുമെന്നതിൽ ആർക്കുമില്ല സംശയം. ഇക്കൂട്ടർ പറയുന്നത് കേട്ടാൽ മുഹമ്മദ് നബി മാത്രമാണ് മരണമുള്ള പ്രവാചകൻ എന്നു തോന്നും. മുഹമ്മദ് നബിക്ക് മുമ്പുള്ള പ്രവാചകന്മാരും മരണമുള്ളവരായിരുന്നു. എല്ലാവരും മരിച്ചുപോവുകയും ചെയ്തു. മരിച്ചുപോകാത്ത ഏതെങ്കിലും പ്രവാചകനെക്കുറിച്ച് അവർക്കറിയാമോ? നിരവധി പ്രവാചകന്മാരുടെ പൈതൃകമുള്ള വേദക്കാർ അത്തരം ഒരു പ്രവാചകനെക്കുറിച്ചു പറയുന്നുണ്ടോ? ദൈവപുത്രന്മാരായി വിശേഷിപ്പിക്കപ്പെട്ട മനുഷ്യർ പോലും മണ്ണടിഞ്ഞു പോയിരിക്കുന്നു. അതുപോലെ മുഹമ്മദ് നബിയും ഒരുനാൾ മരിച്ചുപോകും. മരണം മുഹമ്മദ് നബിയുടെ ഒരു ന്യൂനതയാണെങ്കിൽ ആ ന്യൂനത പൂർവ പ്രവാചകന്മാരടക്കമുള്ള എല്ലാ മനുഷ്യർക്കുമുള്ളതാണ്. അദ്ദേഹം മാത്രം മരിച്ചുപോവുകയും ബാക്കിയുള്ളവരൊക്കെ ചിഞ്ജീവികളായി വാഴുകയും ചെയ്യുമെന്നാണോ? ഒരിക്കലുമില്ല. സകല ജീവജാലങ്ങളും മരണം രുചിച്ചേതീരൂ. മറിച്ച്, മുഹമ്മദ് നബി മാത്രം മരിച്ചുപോവുകയും ഈ നിഷേധികളെല്ലാം ചിരഞ്ജീവികളായി വാഴുകയുമായിരുന്നുവെങ്കിൽ, ചിരഞ്ജീവികളായ ഞങ്ങൾക്ക് ക്ഷണിക ജീവിയായ ഒരാൾ പ്രവാചകനാവുന്നതെങ്ങനെ എന്നു ചോദിക്കാമായിരുന്നു. അവർ അമരരല്ലെങ്കിൽ പ്രവാചകൻ അമരനാകുന്നതെന്തിനാണ്? മൂസാ നബിയുടെ ഗുരുവായിരുന്ന ഖിളിർ മരിച്ചിട്ടില്ലെന്നും മരണമില്ലാത്തയാളാണെന്നും ചിലർക്കുള്ള വിശ്വാസത്തെ ഈ സൂക്തം ഖണ്ഡിക്കുന്നതായി പൂർവിക വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ ഖിളിർ മനുഷ്യനേ അല്ല; അതിമാനുഷനാണ് എന്ന് വാദിക്കുന്നവർക്ക് അത് സ്വീകാര്യമല്ല. നിനക്ക് മുമ്പ് ഒരു മനുഷ്യനെയും അമരനാക്കിയിട്ടില്ല- وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ -എന്നാണല്ലോ സൂക്തം പറയുന്നത്. മലക്കുകളിലും ജിന്നുകളിലും ചിരഞ്ജീവികളുണ്ടാകുന്നതിനെ അതു നിഷേധിക്കുന്നില്ല.

وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً وَإِلَيْنَا تُرْجَعُونَ എന്ന വചനം മനുഷ്യ ജീവിതത്തിന്റെ യാഥാർഥ്യം വെളിപ്പെടുത്തുന്നതോടൊപ്പം, മനുഷ്യൻ പ്രവാചകനായി നിയോഗിക്കപ്പെടുകയാണെങ്കിൽ തന്നെ മുഹമ്മദിനെപ്പോലെ ആളും അർഥവുമില്ലാത്ത ഒരാളല്ല; മക്കയിലും ത്വായിഫിലുമൊക്കെയുള്ള ധനാഢ്യരും പ്രതാപികളുമായ വ്യക്തികളാണ് നിയോഗിക്കപ്പെടുക എന്ന അവിശ്വാസികളുടെ വിമർശനത്തെ ഖണ്ഡിക്കുകയും ചെയ്യുന്നു. നേരത്തെ പല രീതിയിൽ ഖുർആൻ ഈ വിമർശനത്തിനു മറുപടി പറഞ്ഞിട്ടുണ്ട്. വ്യത്യസ്തമായ ഒരു രീതിയാണ് ഇവിടെയും അവലംബിച്ചിരിക്കുന്നത്. താൽപര്യമിതാണ് ദൈവദൂതൻ അതിമാനുഷനാവേണ്ടതില്ല. അതുപോലെ അതിസമ്പന്നനോ ഉഗ്രപ്രതാപിയോ ആകേണ്ട കാര്യവുമില്ല. ഈ ലോകത്തെ സമ്പത്തും അധികാരവും ആർക്കും ദൈവ സാമീപ്യത്തിന്റെയോ ദൈവകോപത്തിന്റെയോ തെളിവാകുന്നില്ല. ഇവിടത്തെ സുഖദുഃഖങ്ങളും അധികാരവും അവശതയും ധന്യതയും ദാരിദ്ര്യവുമെല്ലാം കേവലം പരീക്ഷണങ്ങളാകുന്നു. ഓരോരുത്തർക്കും ലഭിച്ച സുഖത്തെ, ദുഃഖത്തെ, അധികാരത്തെ, സ്ഥാനമാനങ്ങളെ, സമ്പത്തിനെ, ദാരിദ്ര്യത്തെ, രോഗത്തെ, ആരോഗ്യത്തെ ഒരുവൻ എങ്ങനെ സമീപിക്കുന്നു? അല്ലാഹുവിനോട് നന്ദിയും കൂറുമുള്ളവനായും അവൻ അനുശാസിച്ച ധർമങ്ങളനുസരിച്ചുമാണോ അവ കൈകാര്യം ചെയ്യുന്നത്? അതല്ല ദൈവത്തിൽ വിശ്വാസവും കൂറുമില്ലാതെ അവന്റെ ധർമശാസനകളവഗണിച്ച് ദേഹേഛകൾ മാത്രം പരിഗണിച്ച് ധിക്കാരപൂർവമാണോ കൈകാര്യം ചെയ്യുന്നത്? ഇതാണ് അല്ലാഹു പരീക്ഷിക്കുന്നത്. പ്രവാചകന്റെ പ്രവാചകത്വവും ദാരിദ്ര്യവും പ്രബോധനവും നിഷേധികളിൽ നിന്നുണ്ടാകുന്ന പീഡനങ്ങളും വിശ്വാസികളിൽനിന്നു ലഭിക്കുന്ന സ്നേഹവുമെല്ലാം അദ്ദേഹം നേരിടുന്ന പരീക്ഷണങ്ങളാണ്. നിങ്ങളുടെ സമ്പത്തും സ്ഥാനമാനങ്ങളും നിങ്ങളിലുള്ള പ്രവാചക സാന്നിധ്യവുമെല്ലാം നിങ്ങളുടെയും പരീക്ഷണങ്ങളാണ്. എല്ലാവരും തിരിച്ചെത്തുന്നത് അല്ലാഹുവിങ്കലേക്കാണ്. ഈ ജീവിത പരീക്ഷയിൽ ആര് ജയിച്ചു ആര് തോറ്റു എന്ന് അപ്പോൾ അവൻ വിധിക്കും. തോറ്റവരും ജയിച്ചവരും അവരർഹിക്കുന്ന ഫലം അനുഭവിക്കുകയും ചെയ്യും.

بلاء ൽ നിന്നുള്ള സകർമക ക്രിയാരൂപമാണ് نبلوكم. പരീക്ഷിക്കുക എന്നും അനുഭവിപ്പിക്കുക, പ്രയാസപ്പെടുത്തുക എന്നും അർഥമുണ്ട്. فتنة ക്കും ഈ അർഥങ്ങൾ തന്നെയാണുള്ളത്. ചില പണ്ഡിതന്മാർ ഈ സന്ദർഭത്തിൽ രണ്ടു പദങ്ങളെയും ഒരേ അർഥത്തിൽ എടുക്കുകയും ഒന്നിനെ മറ്റേതിന്റെ ഊന്നൽ-تأكيد-ആയി കണക്കാക്കുകയും ചെയ്തിരിക്കുന്നു. മറ്റു ചിലർ نبلوكم എന്നതിനെ നിങ്ങളെ ക്ലേശിപ്പിക്കും, അനുഭവിപ്പിക്കും എന്ന അർഥത്തിലും, فتنة യെ പരീക്ഷണം എന്ന അർഥത്തിലെടുത്ത് കർമമായി (مفعول به) ഗണിക്കുകയും ചെയ്തിരിക്കുന്നു. പരീക്ഷണാർഥം നാം നിങ്ങളെ സുഖദുഃഖങ്ങളിലകപ്പെടുത്തും എന്നാണ് അപ്പോൾ അർഥം. രണ്ടിന്റെയും സാരം ഒന്നു തന്നെയാണ്. ■